Published on 07-08-17

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 69

# 2017-ലെ കേരള അഭിഭാഷക ക്ഷേമനിധി (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 69

# 2017-ലെ കേരള അഭിഭാഷക ക്ഷേമനിധി (രണ്ടാം ഭേദഗതി) ബിൽ

1062/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 69

# 2017-ലെ കേരള അഭിഭാഷക ക്ഷേമനിധി (രണ്ടാം ഭേദഗതി) ബിൽ

## 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള അഭിഭാഷക ക്ഷേമനിധി (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 4-ാം വകുപ്പിന്റെ ഭേദഗതി.—1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ (1980-ലെ 21) 4-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഔദ്യോഗികമായി തിരഞ്ഞെടുക്കപ്പെട്ട ഒരു സംസ്ഥാന ബാർ കൗൺസിലിന്റെ അഭാവത്തിൽ, അഭിഭാഷകവൃത്തിയിൽ പതിനഞ്ച് വർഷത്തിൽ കുറയാത്ത ബാർ പ്രാക്ടീസുള്ള മൂന്ന് അഭിഭാഷകരെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അങ്ങനെയുള്ള അംഗങ്ങൾ നാല് വർഷക്കാലത്തേക്കോ അല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ ചുമതലയേൽക്കുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതുമാണ്.".

1062/2017.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിന്റെ (1980-ലെ 21-ാം ആക്റ്റ്) 4-ാം വകുപ്പ് പ്രകാരം സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ നിയമിക്കാവുന്നതാണ്. ആക്റ്റിലെ 4-ാം വകുപ്പിലെ (3)-ാം ഉപവകുപ്പ് കമ്മിറ്റിയുടെ ഘടനയെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നു. ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡപ്രകാരം, പ്രസ്തുത കമ്മിറ്റിയിൽ ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്തിട്ടുള്ള അതിലെ മൂന്ന് അംഗങ്ങൾ ഉൾപ്പെടുന്നതാണ്. എന്നാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു സംസ്ഥാന ബാർ കൗൺസിലിന്റെ അഭാവത്തിൽ കമ്മിറ്റിയിൽ അത്തരത്തിലുള്ള അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച് ആക്റ്റിൽ വ്യവസ്ഥയില്ല. മേൽവിവരിച്ച സാഹചര്യത്തിൽ അഭിഭാഷകവൃത്തിയിൽ പതിനഞ്ച് വർഷത്തിൽ കുറയാത്ത ബാർ പ്രാക്ടീസുള്ള മൂന്ന് അഭിഭാഷകരെ നാമനിർദ്ദേശം ചെയ്യുന്നതിനും അവർക്ക് നാല് വർഷക്കാലത്തേക്കോ അല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ ചുമതലയേൽക്കുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണെന്നുമുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡംവഴി ചേർക്കാൻ ഉദ്ദേശിക്കുന്ന 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ (ഡി) ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ബാർ കൗൺസിലിന്റെ അഭാവത്തിൽ പതിനഞ്ച് വർഷത്തിൽ കുറയാത്ത ബാർ പ്രാക്ടീസുള്ള മൂന്ന് അഭിഭാഷകരെ ട്രസ്റ്റി കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

എ. കെ. ബാലൻ.

(ശരിത്തർജ്ജമ)

## 1980-ലെ അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ (1980-ലെ 21) പ്രസക്ത ഭാഗങ്ങൾ

** ** ** **

4. ട്രസ്റ്റി കമ്മിറ്റിയുടെ നിയമനം.—(1) സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനംമൂലം, അതിൽ പറയാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റി എന്നുവിളിക്കുന്ന ഒരു കമ്മിറ്റിയെ നിയമിക്കാവുന്നതാണ്.

** ** ** **

(3) ട്രസ്റ്റി കമ്മിറ്റി—

(എ) ട്രസ്റ്റി കമ്മിറ്റിയുടെ എക്സ് ഒഫിഷ്യോ ചെയർമാനായി കേരളത്തിലെ അഡ്വക്കേറ്റ് ജനറലും;

(ബി) ഗവൺമെൻറ് നിയമവകുപ്പ് സെക്രട്ടറിയും, എക്സ് ഒഫിഷ്യോ;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള ഒരു അംഗവും;

(ഡി) ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്തിട്ടുള്ള അതിലെ രണ്ട് അംഗങ്ങളും;

(ഇ) ട്രസ്റ്റി കമ്മിറ്റിയുടെ എക്സ് ഒഫിഷ്യോ ട്രഷററായി ബാർ കൗൺസിലിന്റെ ട്രഷററും;

(എഫ്) ട്രസ്റ്റി കമ്മിറ്റിയുടെ എക്സ് ഒഫിഷ്യോ സെക്രട്ടറിയായി ബാർ കൗൺസിലിന്റെ സെക്രട്ടറിയും;

ചേർന്നുള്ളതായിരിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പ് (സി) എന്ന ഖണ്ഡപ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു അംഗം 4 വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പ് (ഡി) എന്ന ഖണ്ഡപ്രകാരം ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്ത ഒരു അംഗം നാലു വർഷമോ ബാർ കൗൺസിലിൽ അയാളുടെ അംഗത്വത്തിന്റെ കാലാവധിയോ ഏതാണ് കുറവ് അത്രയും കാലം ഉദ്യോഗം വഹിക്കേണ്ടതാണ്.

** ** ** **